# 3 സാധ്യതകളുടെ ഗണിതം

1 *എണ്ണൽസംഖ്യകൾ = 1,2,3,4,5................ * ഒറ്റസംഖ്യകൾ = 1,3,5,7,9.................

* ഇരട്ടസംഖ്യകൾ = 2,4,6,8,10............... * പൂർണ്ണസംഖ്യകൾ = .........-2.-1,0,1,2,3,.......

* ഭാജ്യസംഖ്യകൾ = 4,6,8,9,10,12,.......... * അഭാജ്യസംഖ്യകൾ = 2,3,5,7,11,13,17,19,..........

* പൂർണവർഗങ്ങൾ = 1,4,9,16,25,36,........ * പൂർണഘനങ്ങൾ = 1,8,27,64,.............

2 * ഒരു നാണയം തറയിൽ ഉരുട്ടിയാൽ ലഭിക്കുന്നത് = H,T

* രണ്ട് നാണയം തറയിൽ ഉരുട്ടിയാൽ ലഭിക്കുന്നത് = HH,HT,TH,TT

* മൂന്ന് നാണയം തറയിൽ ഉരുട്ടിയാൽ ലഭിക്കുന്നത് = HHH,HHT,HTH,THH,HTT,THT,TTH,TTT

* ഒരു സമചതുരകട്ട തറയിൽ ഉരുട്ടിയാൽ ലഭിക്കുന്നത് = 1,2,3,4,5,6

* രണ്ട് സമചതുരകട്ട തറയിൽ ഉരുട്ടിയാൽ ലഭിക്കുന്നത് =

(1,1),(1,2),(1,3),(1,4),(1,5),(1,6) (2,1),(2,2),(2,3),(2,4),(2,5),(2,6)

(3,1),(3,2),(3,3),(3,4),(3,5),(3,6) (4,1),(4,2),(4,3),(4,4),(4,5),(4,6)

(5,1),(5,2),(5,3),(5,4),(5,5),(5,6) (6,1),(6,2),(6,3),(6,4),(6,5),(6,6)

3 * ത്രികോണത്തിന്റെ പരപ്പളവ് = ½ bh * ചതുരത്തിന്റെ പരപ്പളവ് = നീളം x വീതി

* സമചതുരത്തിന്റെ പരപ്പളവ് = $a^2$ * വൃത്തത്തിന്റെ പരപ്പളവ് = $\pi r^2$

4 * ഒരു സംഭവത്തിന്റെ സാധ്യത = $\frac{\text{ഫലങ്ങളുടെ എണ്ണം}}{\text{ആകെ ഫലങ്ങളുടെ എണ്ണം}}$

5 * ജ്യാമിതീയ ചിത്രങ്ങളിൽ ഒരു ഫലം ചിത്രത്തിന്റെ ഒരു പ്രത്യേക ഭാഗത്താകാനുള്ള

സാധ്യത = $\frac{\text{പ്രത്യേക ഭാഗത്തിന്റെ പരപ്പളവ്}}{\text{ആകെ പരപ്പളവ്}}$

6 കിട്ടാനുള്ള സാധ്യത $\frac{x}{y}$ ആയാൽ കിട്ടാതിരിക്കാനുള്ള സാധ്യത = $1 - \frac{x}{y}$

## പ്രവർത്തനങ്ങൾ

1 ഒരു പെട്ടിയിൽ 6 കറുത്ത മുത്തുകളും 9 വെളുത്ത മുത്തുകളും ഉണ്ട്.ഇതിൽ നിന്നും ഒരു മുത്ത് എടുത്താൽ

**(a)** കറുത്ത മുത്ത് ആവാനുള്ള സാധ്യത എന്ത് ? **(b)** വെളുത്ത മുത്ത് ആവാനുള്ള സാധ്യത എന്ത് ?

**(c)** ഇതിലേക്ക് എത്ര വെളുത്ത മുത്തുകൾ കൂടി ഇട്ടാൽ കറുത്ത മുത്ത് എടുക്കാനുള്ള സാധ്യത $\frac{2}{7}$ ആകും.

**(d)** ഇതിലേക്ക് എത്ര കറുത്ത മുത്തുകൾ കൂടി ഇട്ടാൽ വെളുത്ത മുത്ത് എടുക്കാനുള്ള സാധ്യത ½ ആകും.

**(e)** ഇതിലേക്ക് എത്ര വെളുത്ത മുത്തുകൾ കൂടി ഇട്ടാൽ വെളുത്ത മുത്ത് എടുക്കാനുള്ള സാധ്യത $\frac{2}{3}$ ആകും.

**(f)** ഇതിലേക്ക് എത്ര കറുത്ത മുത്തുകൾ കൂടി ഇട്ടാൽ കറുത്ത മുത്ത് എടുക്കാനുള്ള സാധ്യത ½ ആകും.

**(g)** ഇതിൽ നിന്ന് എത്ര വെളുത്ത മുത്തുകൾ എടുത്താൽ കറുത്ത മുത്ത് എടുക്കാനുള്ള സാധ്യത ½ ആകും.

**(h)** ഇതിൽ നിന്ന് എത്ര കറുത്ത മുത്തുകൾ എടുത്താൽ വെളുത്ത എടുക്കാനുള്ള സാധ്യത $\frac{3}{4}$ ആകും.

**(I)** ഇതിൽ നിന്ന് എത്ര വെളുത്ത മുത്തുകൾ എടുത്താൽ വെളുത്ത മുത്ത് എടുക്കാനുള്ള സാധ്യത ½ ആകും.

**(j)** ഇതിൽ നിന്ന് എത്ര കറുത്ത മുത്തുകൾ എടുത്താൽ കറുത്ത മുത്ത് എടുക്കാനുള്ള സാധ്യത $\frac{1}{4}$ ആകും.

**(k)** ഇതിലേക്ക് ഒരു വെളുത്ത മുത്തും 2 കറുത്ത മുത്തും ഇട്ടതിനു ശേഷം പെട്ടിയിലേക്ക് നോക്കാതെ ഒരു മുത്തെടുത്താൽ അത് കറുത്തത് ആവാനുള്ള സാധ്യത എത്ര ? വെളുത്തത് ആവാനുള്ള സാധ്യതയോ ?

2 1 മുതൽ 50 വരെയുള്ള സംഖ്യകൾ ഓരോ കടലാസ് കഷ്ണത്തിലെഴുതി ഒരു പെട്ടിയിലിടുന്നു.പെട്ടിയിലേക്ക് നോക്കാതെ ഒരു കടലാസ് എടുത്താൽ

(a) ഇരട്ട സംഖ്യ കിട്ടാനുള്ള സാധ്യത എന്ത് ?
(b) ഒറ്റ സംഖ്യ കിട്ടാനുള്ള സാധ്യത എന്ത് ?
(c) അഭാജ്യ സംഖ്യ കിട്ടാനുള്ള സാധ്യത എന്ത് ?
(d) ഭാജ്യ സംഖ്യ കിട്ടാനുള്ള സാധ്യത എന്ത് ?
(e) പൂർണ വർഗമാവാനുള്ള സാധ്യത എന്ത് ?
(f) പൂർണ ഘനമാവാനുള്ള സാധ്യത എന്ത് ?
(g) 5 ന്റെ ഗുണിതമാവാനുള്ള സാധ്യത എന്ത് ?
(h) 2 ന്റേയും 3 ന്റേയും ഗുണിതമാവാനുള്ള സാധ്യത എന്ത്?
(I) 2 ന്റേയോ 3 ന്റേയോ ഗുണിതമാവാനുള്ള സാധ്യത എന്ത്?
(j) 20 നും 40 നും ഇടയിൽ ഒറ്റ സംഖ്യ കിട്ടാനുള്ള സാധ്യത എന്ത് ?
(k) 25 മുതൽ 40 വരെയുള്ള സംഖ്യ കിട്ടാനുള്ള സാധ്യത എന്ത് ?
(l) 10 ന താഴെയുള്ള സംഖ്യ കിട്ടാനുള്ള സാധ്യത എന്ത് ?
(m) 35 ന മുകളിലുള്ള സംഖ്യ കിട്ടാനുള്ള സാധ്യത എന്ത് ?

3 ഒരാളോട് ഒരു രണ്ടക്ക സംഖ്യ പറയാനവശ്യപെടുന്നു.

(a) രണ്ടക്കങ്ങളും തുല്യമാകാനുള്ള സാധ്യത എത്ര ?
(b) ആദ്യത്തെ അക്കം രണ്ടാമത്തെ അക്കത്തേക്കാൾ വലുതാകാനുള്ള സാധ്യത എത്ര ?
(c) ആദ്യത്തെ അക്കം രണ്ടാമത്തെ അക്കത്തേക്കാൾ ചെറുതാകാനുള്ള സാധ്യത എത്ര ?
(d) അക്കങ്ങളുടെ തുക 8 ആവാനുള്ള സാധ്യത എന്ത് ?
(e) അക്കങ്ങളുടെ തുക 9 നേക്കാൾ കുറവ് ആവാനുള്ള സാധ്യത എന്ത് ?
(f) അക്കങ്ങളുടെ തുക 7 നേക്കാൾ കൂടുതൽ ആവാനുള്ള സാധ്യത എന്ത് ?
(g) അക്കങ്ങളുടെ ഗുണനഫലം 12 ആവാനുള്ള സാധ്യത എന്ത് ?
(h) അക്കങ്ങളുടെ ഗുണനഫലം 12 നേക്കാൾ കുറവ് ആവാനുള്ള സാധ്യത എന്ത് ?
(I) അക്കങ്ങളുടെ ഗുണനഫലം 12 നേക്കാൾ കൂടുതൽ ആവാനുള്ള സാധ്യത എന്ത് ?
(j) അഭാജ്യ സംഖ്യ ആവാനുള്ള സാധ്യത എന്ത് ?

4 ഒരു പെട്ടിയിൽ കറുത്തതും വെളുത്തതുമായി 18 മുത്തുകൾ ഉണ്ട്.ഇതിൽ നിന്നും ഒരു മുത്ത് എടുത്താൽ അത് കറുത്തത് ആകാനുള്ള സാധ്യത 1/3 എങ്കിൽ

(a) കറുത്ത മുത്തുകളുടെ എണ്ണം എത്ര ?
(b) വെളുത്ത മുത്തുകളുടെ എണ്ണം എത്ര ?
(c) ഇതിലേക്ക് എത്ര വെളുത്ത മുത്തുകൾ കൂടി ഇട്ടാൽ കറുത്ത മുത്ത് എടുക്കാനുള്ള സാധ്യത ¼ ആകും.
(d) ഇതിലേക്ക് എത്ര കറുത്ത മുത്തുകൾ കൂടി ഇട്ടാൽ വെളുത്ത മുത്ത് എടുക്കാനുള്ള സാധ്യത 1/3 ആകും.

5 ഒരു പെട്ടിയിൽ കുറച്ച് കറുത്ത പന്തുകളും 30 വെളുത്ത പന്തുകളുമുണ്ട്.ഇതിൽ നിന്ന് ഒരു പന്തെടുത്താൽ അത് കറുത്തതാകാനുള്ള സാധ്യത,അത് വെളുത്തതാകാനുള്ള സാധ്യതയുടെ 2/3 മടങ്ങാണ്.എങ്കിൽ ഈ പെട്ടിയിലെ കറുത്ത പന്തുകളുടെ എണ്ണം എത്ര ?

6 ഒരു ബാഗിൽ 5 കറുത്ത മുത്തുകളും 7 വെളുത്ത മുത്തുകളും 8 നീല മുത്തുകളും ഉണ്ട്.റാണി ഈ ബാഗിൽ നിന്നും നോക്കാതെ ഒരു മുത്തെടുക്കുന്നു.

(a) എങ്കിൽ അതൊരു കറുത്ത മുത്താവാനുള്ള സാധ്യത എത്ര ?
(b) ബാഗിൽ നിന്നും കുറച്ച് ഒരേ തരം മുത്ത് നഷ്ടപെട്ടപ്പോൾ നീല മുത്തെടുക്കാനുള്ള സാധ്യത ½ എങ്കിൽ ഏതു തരം മുത്താണ് നഷ്ടപ്പെട്ടത്.

7 (a) അധിവർഷത്തിൽ 53 ഞായറാഴ്ചകൾ കിട്ടുന്നതിനുള്ള സാധ്യത എത്ര ?
(b) അധിവർഷത്തിലെ ഫിബ്രവരി മാസത്തിൽ 5 ഞായറാഴ്ചകൾ കിട്ടുന്നതിനുള്ള സാധ്യത എത്ര ?
(c) അധിവർഷമല്ലാത്ത ഒരു വർഷത്തിൽ 53 ഞായറാഴ്ചകൾ കിട്ടുന്നതിനുള്ള സാധ്യത എത്ര ?
(d) ജനുവരി മാസത്തിൽ 5 ഞായറാഴ്ച വരാനുള്ള സാധ്യത എത്ര ?

8 1 മുതൽ 6 വരെ അടയാളപ്പെടുത്തിയിരിക്കുന്ന രണ്ട് സമചതുരകട്ടകൾ ഒരുമിച്ചെറിയുമ്പോൾ ,തറയിൽ

(a) ഒരേ സംഖ്യകൾ വീഴുന്നതിനുള്ള സാധ്യത എത്ര ? (b) രണ്ട് ഒറ്റസംഖ്യകൾ വീഴുന്നതിനുള്ള സാധ്യത എത്ര ?

(c) രണ്ട് അഭാജ്യസംഖ്യകൾ വീഴുന്നതിനുള്ള സാധ്യത എത്ര ?

(d) രണ്ട് പൂർണ്ണവർഗങ്ങൾ വീഴുന്നതിനുള്ള സാധ്യത എത്ര ?

(e) ഒന്ന് അഭാജ്യസംഖ്യയും മറ്റൊന്ന് പൂർണ്ണവർഗവും വീഴുന്നതിനുള്ള സാധ്യത എത്ര ?

(f) ഒന്നിന്റെ വർഗം മറ്റൊന്ന് വീഴുന്നതിനുള്ള സാധ്യത എത്ര ?

(g) സംഖ്യകളുടെ തുക 8 കിട്ടുന്നതിനുള്ള സാധ്യത എത്ര ?

(h) തുക ഏത് സംഖ്യ കിട്ടുന്നതിനാണ് കൂടിയ സാധ്യത ഉള്ളത് ?

(i) അക്കങ്ങളുടെ ഗുണനഫലം 8 നേക്കാൾ കുറവ് ആവാനുള്ള സാധ്യത എന്ത് ?

9 ഒരു പെട്ടിയിൽ 6 കറുത്ത മുത്തുകളും 9 വെളുത്ത മുത്തുകളും ഉണ്ട്. മറ്റൊരു പെട്ടിയിൽ 8 കറുത്ത മുത്തുകളും 12 വെളുത്ത മുത്തുകളും ഉണ്ട്.ഓരോ പെട്ടിയിൽ നിന്നും ഓരോ മുത്തെടുത്താൽ

(a) ആദ്യത്തെ പെട്ടിയിൽ നിന്നും കറുത്ത മുത്ത് കിട്ടാനുള്ള സാധ്യത എത്ര ? വെളുത്ത മുത്ത് കിട്ടാനുള്ള സാധ്യത ?

(b) രണ്ടാമത്തെ പെട്ടിയിൽ നിന്നും കറുത്ത മുത്ത് കിട്ടാനുള്ള സാധ്യത എത്ര ? വെളുത്തതാകാനുള്ള സാധ്യതയോ ?

(c) രണ്ട് മുത്തുകളും കറുത്തതാകാനുള്ള സാധ്യത എത്ര ? വെളുത്തതാകാനുള്ള സാധ്യതയോ ?

(d) ആദ്യത്തേത് കറുത്തത് രണ്ടാമത്തേത് വെളുത്തത് ആകാനുള്ള സാധ്യത എത്ര ?

(e) ആദ്യത്തേത് വെളുത്തത് രണ്ടാമത്തേത് കറുത്തത് ആകാനുള്ള സാധ്യത എത്ര ?

(f) ഒന്നെങ്കിലും കറുത്തത് ആകാനുള്ള സാധ്യത എത്ര ? (g) ഒന്നെങ്കിലും വെളുത്തത് ആകാനുള്ള സാധ്യത എത്ര ?

(h) പരമാവധി ഒന്ന് കറുത്തത് ആകാനുള്ള സാധ്യത എത്ര ?

(I) പരമാവധി ഒന്ന് വെളുത്തത് ആകാനുള്ള സാധ്യത എത്ര ?

(j) ആദ്യത്തെ പെട്ടിയിൽ ഒരു വെളുത്ത മുത്തും രണ്ടാമത്തെ പെട്ടിയിൽ ഒരു കറുത്ത മുത്തും ഇട്ടതിനു ശേഷം ഇതിൽ നിന്നും ഒരോ മുത്തെടുത്താൽ അത് രണ്ടും വെളുത്തത് ആകാനുള്ള സാധ്യത എത്ര ?

10 A,B എന്നിങ്ങനെ രണ്ട് കവറുകൾ;രണ്ടിലും 1 മുതൽ 7 വരെയുള്ള എണ്ണൽ സംഖ്യകൾ എഴുതിയ കടലാസു കഷ്ണങ്ങൾ ഇട്ടിരിക്കുന്നു.ഓരോ കവറിൽ നിന്നും ഓരോ കടലാസു കഷ്ണങ്ങൾ എടുക്കുന്നു.ഇവ ഉപയോഗിച്ച് A യിൽ നിന്നു കിട്ടുന്ന സംഖ്യ ഒന്നുകളുടെ സ്ഥാനത്തും B യിൽ നിന്നും കിട്ടുന്ന സംഖ്യ പത്തിന്റെ സ്ഥാനത്തും വരുന്നതുപോലെ ഒരു രണ്ടക്കസംഖ്യയുണ്ടാക്കുന്നു.

(a) ഇങ്ങനെ എത്ര രണ്ടക്ക സംഖ്യകളുണ്ടാക്കാം ?

(b) ഇങ്ങനെയുണ്ടാക്കുന്ന ഒരു രണ്ടക്കസംഖ്യ ഇരട്ടസംഖ്യയാകാനുള്ള സാധ്യത എത്ര ?

11 രണ്ട് പാത്രങ്ങളിൽ ഓരോന്നിലും 1 മുതൽ 10 വരെ എഴുതിയ പത്ത് നറുക്കുകൾ ഇട്ടിരിക്കുന്നു. കണ്ണടച്ച് ഓരോ നറുക്ക് ഓരോ പാത്രത്തിൽ നിന്നുമെടുക്കുന്നു.

(a) രണ്ട് നറുക്കുകളിലും ഒരേ സംഖ്യ ലഭിക്കുന്നതിനുള്ള സാധ്യത എത്ര ?

(b) രണ്ട് നറുക്കുകളിലേയും സംഖ്യകൾ അഭാജ്യസംഖ്യകൾ ആകാനുള്ള സാധ്യത എത്ര ?

(c) ഒന്നിലെ സംഖ്യയുടെ വർഗ്ഗം രണ്ടാമത്തേത് ലഭിക്കുന്നതിനുള്ള സാധ്യത എത്ര ?

12 10 A യിൽ 20 ആൺകുട്ടികളും 15 പെൺകുട്ടികളുമുണ്ട്.10 B യിൽ 15 ആൺകുട്ടികളും 15 പെൺകുട്ടികളുമുണ്ട്. ഗണിതോത്സവത്തിൽ പങ്കെടുക്കാൻ 10 A യിൽ നിന്നും 10 B യിൽ നിന്നും ഓരോ കുട്ടിയെ വീതം തിരഞ്ഞെടുക്കണം

(a) രണ്ടും ആൺകുട്ടികളാകാനുള്ള സാധ്യത എത്ര ? (b) രണ്ടും പെൺകുട്ടികളാകാനുള്ള സാധ്യത എത്ര ?

(c) ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും ആകാനുള്ള സാധ്യത എത്ര ?

**13** ചിത്രത്തിൽ ചതുരത്തിന്റെ നീളം 8 cm ,വീതി 5 cm ആണ്. വൃത്തത്തിന്റെ വ്യാസം 2 cm ആണ്.കണ്ണടച്ച് ഒരു കുത്തിട്ടാൽ



( a ) വൃത്തത്തിനകത്താകാനുള്ള സാധ്യത എത്ര ?

( b ) ചതുരത്തിനകത്തും വൃത്തത്തിനു പുറത്തുമാകാനുള്ള സാധ്യത എത്ര ?

**14** ചിത്രത്തിൽ സമചതുരം ABCD യുടെ വശങ്ങളുടെ മധ്യബിന്ദുക്കളാണ് P,Q,R,S




(a) വലിയ സമചതുരത്തിന്റെ ഒരു വശം a യൂണിറ്റ് ആയാൽ ചെറിയ സമചതുരത്തിന്റെ ഒരു വശം എന്ത് ?

( b ) ചിത്രത്തിൽ കണ്ണടച്ചൊരു കുത്തിട്ടാൽ ഇത് ചെറിയ സമചതുരത്തിന് അകത്താകാനുള്ള സാധ്യത എത്ര ?

**15** നോക്കാതെ ചിത്രത്തിൽ കുറേ കുത്തുകളിടുന്നു.ഇടുന്ന ഒരു കുത്ത് ചതുരം ABCD യിൽ വരാനുള്ള സാധ്യത ¼ എന്ന് കണ്ടെത്തി.എങ്കിൽ




(a) AE=10 സെ.മീ. EF= 4 സെ.മീ. ആയാൽ ചതുരം ABCD യുടെ പരപ്പളവ് എത്ര ?

(b) കുത്ത് ചതുരം BEFC യിൽ ആകാനുള്ള സാധ്യത എത്ര ?

**16** ഒരു സമചതുരത്തിനുള്ളിൽ മറ്റൊരു സമചതുരമുള്ള ,കരുക്കൾ ഇട്ട് കളിക്കുന്ന ഒരു പലകയാണ് ചിത്രത്തിൽ.വലിയസമചതുരത്തിന്റെ ഒരു വശം ചെറിയ സമചതുര-ത്തിന്റെ 2 മടങ്ങാണ്.ഈ പലകയിൽ ഒരു കരു ഇട്ടാൽ അത് അകത്തുള്ള ചെറിയ സമചതുരത്തിൽ വീഴാനുള്ള സാധ്യത എത്ര ?



**17** ചിത്രത്തിൽ കാണിച്ചിരിക്കുന്ന A,B,C,D എന്നീ കേന്ദ്രങ്ങളുള്ള ഓരോ വൃത്തത്തിന്റേയും ആരം 1 യൂണിറ്റാണ്. ABCD എന്ന സമചതുരത്തിൽ നിന്ന് ഒരു ബിന്ദു തിരഞ്ഞെടുത്താൽ അത് വെളുപ്പിച്ചിരിക്കുന്ന ഭാഗത്തുനിന്നാനുള്ള സാധ്യത എത്ര ?




**18** ഒരു പലകക്കഷ്ണത്തിൽ ചിത്രത്തിലേതുപോലെ 3 cm,7 cm,9 cm ആരമുള്ള ഒരേ കേന്ദ്രമുള്ള മൂന്ന് വൃത്തങ്ങൾ വരച്ചിരിക്കുന്നു ഇവിടെ ഒരു കരു ഇട്ടാൽ അത് കറുപ്പിച്ച ഭാഗത്ത് വീഴാനുള്ള സാധ്യത എത്ര ?



**19** തകർന്ന് കാണാതായ ഒരു വീമാനം ചിത്രത്തിൽ കാണുന്നതു പോലെയുളള ചതുരാകൃതിയായ ഒരു കാട്ടിനുളളിൽ വീണു.ഈ വീമാനം കാട്ടിനുളളിലുളള തടാകത്തിൽ വീഴാനുളള സാധ്യത കണക്കാക്കുക.




**20** ഭിത്തികൾക്കെല്ലാം ഒരേ ഉയരമുളളതും ആറ് അറകളായി വിഭജിച്ചതും മുകൾഭാഗം തുറന്നതുമായ ഒരു സമചതുരപ്പെട്ടി-യുടെ മുകൾഭാഗമാണ് ചിത്രത്തിൽ കൊടുത്തിരിക്കുന്നത്.D,E,F എന്നീ ചതുരങ്ങളുടെ പരപ്പളവ് A,B,C എന്നീ സമചതുരങ്ങളുടെ പരപ്പളവിന്റെ ഇരട്ടിയാണ്.ഈ സമചതുരപെട്ടിയിലേക്ക് ഒരു കരു ഇട്ടാൽ അത് F എന്ന അറയിൽ വീഴാനുളള സാധ്യത എത്ര ?




**21** ചിത്രത്തിലേതുപോലെയുളള ഒരു വൃത്തത്തിൽ ഒരു കരുവിടുന്നു.ആ കരു ചിത്രത്തിൽ വെളുപ്പിച്ചിരിക്കുന്ന ഭാഗത്ത് വീഴാനുളള സാധ്യത എത്ര ? ചതുരത്തിന്റെ നീളം 8 cm ഉം,വീതി 6 cm ഉം ആണ്.



**22** ഒരു വൃത്തത്തിൽ പരമാവധി വലിയ ഒരു സമഭുജ ത്രികോണം വരച്ചിരിക്കുന്നു.ചിത്രത്തിലേക്ക് നോക്കാതെ ഒരു കുത്തിട്ടാൽ കുത്ത്

**(a)** ത്രികോണത്തിന് അകത്താകാനുളള സാധ്യത എന്ത് ?

**(b)** ത്രികോണത്തിന് പുറത്താകാനുളള സാധ്യത എന്ത് ?

